# വെളിപ്പാടു പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് പതിന്നാല്

## സർദ്ദിസിലുള്ള സഭ—വെള്ളവസ്ത്രവും കർത്താവിനാൽ ഏറ്റുപറയപ്പെട്ട പേരും

Tue വെളിപ്പാടിലെ രണ്ടും മൂന്നും അധ്യായങ്ങളിലെ ഏഴു സഭകളുടെ സാഹചര്യവും അവസ്ഥയും സഭാചരിത്രത്തിന്റെ ഘട്ടങ്ങളോട് യോജിക്കുന്നു എന്നത് വാസ്തവമായും കർത്താവിന്റെ പരമാധികാരമാണ്. ഒന്നാം നൂറ്റാണ്ടുമുതൽ ഇന്നുവരെയുള്ള സഭാചരിത്രത്തെ വ്യക്തമായി ഏഴു ഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു: ആരംഭഘട്ടം, കഷ്ടംസഹിക്കുന്ന ഘട്ടം, ലൗകികഘട്ടം, വിശ്വാസത്യാഗഘട്ടം, നവീകരണഘട്ടം, പ്രത്യുദ്ധരിക്കപ്പെട്ട സഭയുടെ ഘട്ടം, പ്രത്യുദ്ധരിക്കപ്പെട്ട സഭയുടെ അധഃപതനത്തിന്റെ ഘട്ടം. ഈ ദൂതിൽ നവീകരണത്തിലെ സഭയായ സർദ്ദിസിലുള്ള സഭയെ നമുക്കു ചിന്തിക്കാം (3:1-6).

യവനഭാഷയിൽ സർദ്ദിസ് അർഥമാക്കുന്നത്, അവശിഷ്ടം, ശേഷിപ്പ്, അഥവാ പുനഃസ്ഥാപനം എന്നാണ്. ഒരു അടയാളമെന്ന നിലയിൽ സർദ്ദിസിലുള്ള സഭ നവീകരണത്തിന്റെ സമയം മുതൽ ക്രിസ്തുവിന്റെ രണ്ടാം വരവുവരെയുള്ള പ്രൊട്ടസ്റ്റന്റ് സഭയെ മുൻകുറിക്കുന്നു. അധഃപതിച്ചുപോയ തുയഥൈരയിലുള്ള സഭ സൂചിപ്പിക്കുന്ന റോമൻ കത്തോലിക്കാസഭയ്ക്കുള്ള ദൈവത്തിന്റെ പ്രതികരണമായിരുന്നു നവീകരണം. അത് വിശ്വാസികളുടെ ഒരു ന്യൂനപക്ഷത്താൽ, ശേഷിപ്പിനാൽ നിവർത്തീകരിക്കപ്പെട്ടു. ഇക്കാരണത്താൽ, അത് ശേഷിപ്പിനാലുള്ള പുനഃസ്ഥാപനമായിരുന്നു.

## I. സംസാരിക്കുന്നവൻ—ദൈവത്തിന്റെ ഏഴ് ആത്മാക്കളും ഏഴു നക്ഷത്രങ്ങളും ഉള്ളവൻ

3:1-ൽ കർത്താവു പറയുന്നു, "ദൈവത്തിന്റെ ഏഴ് ആത്മാക്കളും ഏഴു നക്ഷത്രങ്ങളും ഉള്ളവൻ അരുളിച്ചെയ്യുന്നു." ദൈവത്തിന്റെ ഏഴ് ആത്മാക്കൾ സഭ തീവ്രമായി ജീവനുള്ളതായിരിക്കേണ്ടതിനും, ഏഴു നക്ഷത്രങ്ങൾ അവൾ തീവ്രമായി പ്രകാശിക്കുന്നതിനുവേണ്ടിയും ആണ്. എഫെസൊസിലുള്ള സഭയ്ക്ക് ക്രിസ്തു ഏഴു

നക്ഷത്രങ്ങൾ പിടിച്ചിരിക്കുകയും ഏഴു നിലവിളക്കുകളുടെ മധ്യേ നടക്കുകയും ചെയ്യുന്നവനാണ്. ആരംഭ സഭയ്ക്ക് ക്രിസ്തുവിന്റെ കരുതലും, അവളുടെ നടത്തിപ്പുകാർക്ക് അവന്റെ സൂക്ഷിക്കുന്ന കൃപയും ആവശ്യമായിരുന്നു. സ്മുർന്നയിലുള്ള സഭയ്ക്ക് അവൻ മരിച്ചവനായിത്തീരുകയും വീണ്ടുംജീവിക്കുകയും ചെയ്യുവനാണ്. കഷ്ടംസഹിക്കുന്ന സഭയ്ക്ക് ക്രിസ്തുവിന്റെ പുനരുത്ഥാന ജീവൻ ആവശ്യമായിരുന്നു. പെർഗ്ഗമൊസിലുള്ള സഭയ്ക്ക് ക്രിസ്തു മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവനാണ്. അധഃപതിച്ച, ലൗകിക സഭയ്ക്ക് ന്യായംവിധിക്കുകയും കൊല്ലുകയും ചെയ്യുന്ന അവന്റെ വചനം ആവശ്യമാണ്. തുയഥൈരയിലുള്ള സഭയ്ക്ക് അവൻ അഗ്നിജ്വാല പോലെ കണ്ണും തിളങ്ങുന്ന താമ്രത്തിനു സദൃശമായ പാദങ്ങളും ഉള്ളവനാണ്. വിശ്വാസത്യാഗിനിയായ സഭയ്ക്ക് അവന്റെ ആരായലും ന്യായംവിധിക്കലും ആവശ്യമായിരുന്നു. ഇപ്പോൾ സർദ്ദിസിലുള്ള സഭയ്ക്ക് അവൻ ദൈവത്തിന്റെ ഏഴ് ആത്മാക്കളും ഏഴു നക്ഷത്രങ്ങളും ഉള്ളവനാണ്. നവീകരിക്കപ്പെട്ട മരിച്ച സഭയ്ക്ക് ദൈവത്തിന്റെ ഏഴിരട്ടി തീവ്രവൽക്കരിക്കപ്പെട്ട ആത്മാവിന്റെയും പ്രകാശിക്കുന്ന നടത്തിപ്പുകാരുടെയും ആവശ്യമുണ്ട്.

നാം ഇന്നത്തെ പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യീയ വിഭാഗത്തിന്റെ സാഹചര്യം പരിശോധിക്കുമെങ്കിൽ, അതിന് ഏഴ് ആത്മാക്കളുടെ അഭാവമുണ്ടെന്ന് നാം കാണും. അവരുടെ നിർജ്ജീവത്വം ഏഴ് ആത്മാക്കളുടെ അഭാവം നിമിത്തമാണ്. അവരുടെ വ്യവസ്ഥിതിനിമിത്തം അവർക്ക് പ്രകാശിക്കുന്ന നക്ഷത്രങ്ങളും ആവശ്യമാണ്. അവർക്ക് ഇതു മാത്രമാണ് ആവശ്യമായിരിക്കുന്നത്—തീവ്രവൽക്കരിക്കപ്പെട്ട ആത്മാവും പ്രകാശിക്കുന്ന നക്ഷത്രങ്ങളും. എന്നാലും, അവർ ഏഴ് ആത്മാക്കൾക്ക് ശ്രദ്ധ നല്കുന്നില്ല. ഏഴ് ആത്മാക്കൾ ആത്മാവെന്ന നിലയിൽ ക്രിസ്തുവിന്റെ പൂർണ്ണമായ തീവ്രവൽക്കരിക്കപ്പെട്ട സാക്ഷാൽക്കാരമാണ്. ഇത് പെന്തക്കോസ്ത് എന്നോ കരിസ്മാറ്റിക്ക് എന്നോ വിളിക്കപ്പെടുന്ന പ്രസ്ഥാനത്തിന്റെ വിഷയമല്ല, പിന്നെയോ ഉൾവസിക്കുന്ന ഏഴിരട്ടി തീവ്രവൽക്കരിക്കപ്പെട്ട ആത്മാവിന്റെ വിഷയമാണ്. ഇതാണ് മരിച്ച പ്രൊട്ടസ്റ്റന്റുമതത്തിന് ഇന്ന് ആവശ്യമായിരിക്കുന്നത്. അതിന് സ്ഥാനമാനങ്ങളോ സംഘടനകളോ അല്ല, പ്രകാശിക്കുന്ന നക്ഷത്രങ്ങളും ആവശ്യമാണ്. അവരുടെ നടത്തിപ്പുകാർ പ്രകാശിക്കുന്നവരായിരിക്കണം.

## II. സഭയുടെ അവസ്ഥ

### A. പേരിൽ ജീവനുള്ളവനും, എന്നാൽ വാസ്തവത്തിൽ മരിച്ചവനും

സർദ്ദിസിലുള്ള സഭയുടെ ദൂതനോട് കർത്താവു പറയുന്നു, "ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു, ജീവനുള്ളവൻ എന്ന്

നിനക്ക് പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു. ഉണർന്നിരിക്കുക, ചാകാറായ ശേഷിക്കുന്ന കാര്യങ്ങളെ ഉറപ്പിക്കുക: എന്റെ ദൈവത്തിനു മുമ്പാകെ നിന്റെ പ്രവൃത്തികളൊന്നും പൂർത്തിയാക്കിയതായി ഞാൻ കണ്ടില്ല." ഈ രണ്ടു വാക്യങ്ങൾ പ്രൊട്ടസ്റ്റന്റെന്നു വിളിക്കപ്പെടുന്ന സഭയുടെ ഒരു പൂർണ്ണചിത്രം അവതരിപ്പിക്കുന്നു. നവീകരിക്കപ്പെട്ട പ്രൊട്ടസ്റ്റന്റ് സഭ ജീവനുള്ളതാണെന്ന് കരുതപ്പെടുന്നുവെങ്കിലും, കർത്താവു പറയുന്നത് അവൾ മരിച്ചവളാകുന്നു എന്നാണ്. ഇക്കാരണത്താൽ, അവളുടെ മരിച്ച അവസ്ഥയിൽ അവൾക്ക് ജീവനുള്ള ആത്മാക്കളും പ്രകാശിക്കുന്ന നക്ഷത്രങ്ങളും ആവശ്യമാണ്.

## B. ചാകാറായിരിക്കുന്ന ശേഷിക്കുന്ന കാര്യങ്ങൾ

വാക്യം 2-ൽ "ചാകാറായ ശേഷിക്കുന്ന കാര്യങ്ങളെ ഉറപ്പിക്കുക" എന്ന് കർത്താവു പറയുന്നു. "ശേഷിക്കുന്ന കാര്യങ്ങൾ" വിശ്വാസത്താലുള്ള നീതീകരണവും തുറന്ന വേദപുസ്തകവും പോലെയുള്ള നഷ്ടപ്പെട്ടതും നവീകരണത്താൽ പുനഃസ്ഥാപിക്കപ്പെട്ടതുമായ കാര്യങ്ങളാണ്. ഈ കാര്യങ്ങൾ പുനഃസ്ഥാപിച്ചുവെങ്കിലും, അവ "ചാകാറായിരുന്നു." അതിനാൽ പ്രൊട്ടസ്റ്റന്റ് സഭയ്ക്ക് കാര്യങ്ങൾ ജീവനുള്ളതായി കാക്കുവാൻ ഉണർവുകൾ ആവശ്യമാണ്. ഇതാണ് പ്രൊട്ടസ്റ്റന്റ് സഭയുടെ യഥാർഥ അവസ്ഥ.

## C. പ്രവൃത്തികളൊന്നും പൂർത്തിയാക്കിയിട്ടില്ല

"എന്റെ ദൈവത്തിനു മുമ്പാകെ നിന്റെ പ്രവൃത്തികളൊന്നും പൂർത്തിയാക്കിയതായി ഞാൻ കണ്ടില്ല" എന്നും കർത്താവു പറഞ്ഞു. നവീകരണത്തിൽ തുടങ്ങിയ ഒന്നും ഒരിക്കലും പൂർത്തിയാക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് പൂർത്തീകരണത്തിനു വേണ്ടി ഫിലദെൽഫ്യയിലുള്ള സഭ ആവശ്യമാണ്. ദൈവത്തിന്റെ ദൃഷ്ടിയിൽ, നവീകരണ സഭകൾ എന്ന് വിളിക്കപ്പെടുന്നവയിൽ പൂർത്തിയാക്കിയ പ്രവൃത്തികളൊന്നുമില്ല. അവരുടെ ഇടയിൽ വിശ്വാസത്താലുള്ള നീതീകരണം പൂർത്തീകരിക്കപ്പെട്ടു എന്നു ചിന്തിക്കരുത്. നിങ്ങൾക്ക് ഉൾക്കാഴ്ച ഉണ്ടെങ്കിൽ, മാർട്ടിൻ ലൂഥർ പ്രത്യുദ്ധരിച്ച വിശ്വാസത്താലുള്ള നീതീകരണം ഒട്ടും ആഴമില്ലാത്തതാണെന്ന് നിങ്ങൾ കാണും. കാരണം, ലൂഥർ ജീവന്റെ മാർഗത്തിൽ നീതീകരണത്തെ അത്രയധികം സ്പർശിച്ചില്ല; അവൻ സ്പർശിച്ചത് മുഖ്യമായും ഉപദേശത്തിന്റെ രീതിയിൽ, ഉപരിപ്ലവമായ ഒരു രീതിയിൽ ആയിരുന്നു. ദൈവത്തിന്റെ ഈ വലിയ ദാസനുവേണ്ടി നാം കർത്താവിന് സ്തോത്രം ചെയ്യുന്നു, എന്നാൽ അവൻ തികഞ്ഞവനായിരുന്നില്ല. അവന്റെ കരത്തിൽകീഴിലുള്ള ഒരു വേലയും പൂർത്തിയാക്കിയിട്ടില്ല. ലൂഥറിന്റെ നാളുകളിൽ പ്രത്യുദ്ധരിക്കപ്പെട്ട കാര്യങ്ങൾ മരിച്ചുകൊണ്ടിരിക്കയായിരുന്നു,

അതിപ്പോഴും മരിക്കാറായിരിക്കുന്നു. ഇതുകൊണ്ടാണ് അനേകം പ്രൊട്ടസ്റ്റന്റ് സഭകൾക്ക് അടിക്കടിയുള്ള ഉണർവുകൾ ഉള്ളത്.

അഞ്ചാമത്തെ സഭയെക്കുറിച്ചുള്ള നിർണ്ണായകമായ കാര്യം അത് മരിച്ചതും മരിച്ചുകൊണ്ടിരിക്കുന്നതും ആണ്. ജീവനുള്ളതെന്ന് അതിന് ഒരു പേരുണ്ടെങ്കിലും, വാസ്തവത്തിൽ അതു മരിച്ചതാണ്. നാം രക്ഷിക്കപ്പെട്ടപ്പോൾ, നാം തികച്ചും ജീവനുള്ളവരായിരുന്നുവെന്ന് നമ്മിൽ അനേകർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. എന്നാൽ സംഘടനാപരമായ ഒരു സഭയിലേക്കു കടന്നതിനുശേഷം നാം ഒരു ഫ്രിഡ്ജിലേക്കു വയ്ക്കപ്പെടുകയും, ചില മാസങ്ങൾക്കുശേഷം നാം തണുത്തുറഞ്ഞ് മരിക്കുകയും ചെയ്യു. നവീകരിക്കപ്പെട്ട സഭകൾ മരിച്ചുകൊണ്ടിരിക്കുന്നു. ഞാൻ പ്രൊട്ടസ്റ്റന്റ് എന്നു വിളിക്കപ്പെടുന്ന ഒരു സഭയിലായിരുന്നു; അവിടെ യാതൊരു ജീവനുമില്ലെന്ന് എനിക്കറിയാം. ഏകദേശം എല്ലാ രീതിയിലും അത് മരണംകൊണ്ടു നിറഞ്ഞതാണ്.

## III. കർത്താവിന്റെ ആജ്ഞ

വാക്യം 3-ൽ കർത്താവു പറയുന്നു, "അതുകൊണ്ട് നീ എപ്രകാരം പ്രാപിക്കുകയും കേൾക്കുകയും ചെയ്തിരിക്കുന്നു എന്ന് ഓർത്തുകൊള്ളുക, അതിനെ കാക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുക." ഈ വാക്യത്തിലും രണ്ടാം വാക്യത്തിലും സർദ്ദിസിലുള്ള സഭയോട് ഉണർന്നിരിക്കുവാനും, ചാകാറായിരിക്കുന്ന ശേഷിക്കുന്ന കാര്യങ്ങളെ ശക്തീകരിക്കുവാനും, അവൾ പ്രാപിച്ചതും കേൾക്കുകയും ചെയ്തത് കാത്തുകൊള്ളുവാനും, മാനസാന്തരപ്പെടുവാനും കർത്താവ് ആജ്ഞാപിക്കുന്നു.

## IV. കർത്താവിന്റെ വരവ്

"അതുകൊണ്ട് നീ ഉണർന്നിരിക്കുന്നില്ലെങ്കിൽ, ഞാൻ കള്ളനെപ്പോലെ വരും, ഞാൻ ഏതു നാഴികയിൽ നിന്റെമേൽ വരുമെന്ന് നീ ഒരുവിധത്തിലും അറിയുകയില്ല" എന്നും വാക്യം 3-ൽ കർത്താവു പറഞ്ഞു. അറിയാത്ത ഒരു സമയത്ത് വിലയേറിയ സാധനങ്ങൾ മോഷ്ടിക്കുവാനാണ് കള്ളൻ വരുന്നത്. നവീകരിക്കപ്പെട്ട പ്രൊട്ടസ്റ്റന്റ് സഭകൾ മരിച്ചവയാകയാൽ, തന്റെ അന്വേഷകർക്കുള്ള കർത്താവിന്റെ രഹസ്യ പ്രത്യക്ഷതയിൽ ഒരു കള്ളനെപ്പോലെയുള്ള കർത്താവിന്റെ വരവിനെക്കുറിച്ച് അവർക്ക് അറിവുണ്ടായിരിക്കുകയില്ല. ഇക്കാരണത്താൽ, ഉണർന്നിരിക്കേണ്ട ആവശ്യം ഉണ്ട്.

കർത്താവിന്റെ രണ്ടാം വരവിനെ സംബന്ധിച്ച പുതിയനിയമത്തിലെ വെളിപാട് നമ്മുടെ സ്വാഭാവിക ഗ്രാഹ്യ ശക്തിക്കനുസരിച്ചല്ല. നമ്മുടെ സ്വാഭാവിക ചിന്തയനുസരിച്ച് കർത്താവ് സ്വർഗത്തിലെ സിംഹാസനത്തിൽനിന്ന് പെട്ടെന്ന്

ഭൂമിയിലേക്ക് ഇറങ്ങിവരും. ഈ ചിന്ത വേദപുസ്തക പഠിതാക്കൾക്ക് വളരെയധികം പ്രയാസങ്ങൾക്ക് ഇടയായിട്ടുണ്ട്, നാം ആ ചിന്തയെ വിട്ടുകളയണം. വേദപുസ്തകത്തിൽ കാണുന്ന എന്തിനെയും ഗ്രഹിക്കുന്നതിൽ നമ്മുടെ ചിന്തകളിൽ നമുക്ക് യാതൊരു ആശ്രയവും ഉണ്ടായിരിക്കരുത്; നാം ഒരിക്കലും നമ്മുടെ സ്വാഭാവിക ധാരണകൾ പ്രയോഗിക്കുകയും അരുത്. ഇതുകൊണ്ടാണ് ദൈവവചനത്തിലേക്കു വരുമ്പോൾ നമുക്ക് വ്യക്തമായ, പുതുക്കപ്പെട്ട ഒരു മനസ്സ് ആവശ്യമായിരിക്കുന്നത്. നമ്മുടെ ധാരണകൾ എന്ന നിറമുള്ള കണ്ണടകൾ മാറ്റിവച്ചുകൊണ്ട് നാം നിർമലമായ വചനത്തിലേക്കു വരണം. കർത്താവിന്റെ മടങ്ങിവരവ് ഒരു പ്രക്രിയയാണ്. അവന്റെ മടങ്ങിവരവ് സിംഹാസനത്തിൽനിന്ന് തുടങ്ങി, ഹർമ്മഗെദ്ദോനിൽ യുദ്ധം ചെയ്യുവാൻ അവൻ ഇറങ്ങിവരുന്നതുവരെ ഒരു പ്രക്രിയയിലൂടെ കടന്നുപോകും. ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, കർത്താവ് സിംഹാസനത്തിൽനിന്നും ആകാശത്തിലേക്ക് ഇറങ്ങിവരും, അവിടെ അവൻ നിരവധി കാര്യങ്ങൾ നിർവഹിക്കും: ബഹുഭൂരിപക്ഷം വിശ്വാസികളുടെ ഉൾപ്രാപണവും, ന്യായാസനത്തിൽ ഇരുന്നുകൊണ്ടുള്ള ന്യായവിധിയും, കുഞ്ഞാടിന്റെ കല്യാണവും; ഇവയെല്ലാം ആകാശത്തിൽ നിർവഹിച്ചതിനുശേഷം, കർത്താവ് ഭൂമിയിലേക്ക് ഇറങ്ങിവരും. അധ്യായം 12-ലെ ആൺകുട്ടിയും, അധ്യായം 14-ലെ ആദ്യഫലവും ഉൾപ്പെടെ, മുമ്പേയുള്ള ജയാളികളുടെ ഉൾപ്രാപണം കർത്താവു മടങ്ങിവരുന്ന പ്രക്രിയയുടെ തുടക്കത്തിൽ സംഭവിക്കും. മറ്റൊരു രീതിയിൽ പറഞ്ഞാൽ, അവർ എടുക്കപ്പെടുമ്പോൾ കർത്താവിന്റെ മടങ്ങിവരവിന്റെ പ്രക്രിയ ആരംഭിക്കുന്നു.

കർത്താവ് ഒരു കള്ളനെപ്പോലെ വരുമെന്ന് 3:3-ലും മത്തായി 24:43-ലും നമ്മോടു പറഞ്ഞിരിക്കുന്നു. മുമ്പേയുള്ള ജയാളികളായ വിശ്വാസികളിൽ ചിലർ പെട്ടെന്ന് എടുക്കപ്പെടും. കർത്താവിന്റെ മടങ്ങിവരവിന്റെ പ്രക്രിയയുടെയും മുമ്പേയുള്ള ജയാളികളുടെ ഉൾപ്രാപണത്തിന്റെയും ആരംഭസമയം ആർക്കും അറിയില്ല. അതു വരുമ്പോൾ, നിങ്ങളെത്തന്നെ ഒരുക്കുവാൻ നിങ്ങൾക്ക് സമയം ഉണ്ടായിരിക്കുകയില്ല. ആ സമയത്തിനുമുമ്പെ നിങ്ങൾ പൂർണ്ണമായി ഒരുങ്ങിയിരിക്കണം. അതുകൊണ്ട്, നാം ഒരുക്കപ്പെട്ടവരും ഒരുങ്ങിയിരിക്കുന്നവരും ഉണർന്നിരിക്കുന്നവരും ആയിരിക്കണം.

Wed

## V. ജയാളികൾ—സർദ്ദിസിലുള്ള ചുരുക്കം പേരുകൾ

### A. മരണത്താൽ തങ്ങളുടെ വസ്ത്രം മലിനമാക്കാത്തവർ

വാക്യം 4-ൽ കർത്താവു പറയുന്നു, "എന്നാൽ തങ്ങളുടെ വസ്ത്രം മലിനമാക്കാത്ത ചുരുക്കം പേരുകൾ സർദ്ദിസിൽ നിനക്കുണ്ട്." വേദപുസ്തകത്തിൽ വസ്ത്രം നമ്മുടെ നടപ്പിലും

ജീവിതത്തിലും നാം എന്താണെന്നതിനെ സൂചിപ്പിക്കുന്നു. വസ്ത്രം മലിനമാകുകയെന്നാൽ പ്രത്യേകിച്ചും മരണാവസ്ഥയാൽ അതിനെ കറപിടിപ്പിക്കുക എന്നാണ്. മരണം ദൈവമുമ്പാകെ പാപത്തെക്കാൾ മലിനമാണ് (ലേവ്യ. 11:24-25; സംഖ്യ. 6:6, 7, 9). ഈ വാക്യത്തിൽ, മലിനത മരണപ്രകൃതത്തിൽ നിന്നുള്ള എന്തിനെയും കുറിക്കുന്നു. സർദ്ദിസിലുള്ള മലിനത പാപത്തിന്റെ മലിനത ആയിരുന്നില്ല; അത് മരണത്തിന്റെ മലിനത ആയിരുന്നു. മരണം പാപത്തെക്കാൾ അഴുക്കുള്ളതാണ്. പഴയനിയമമനുസരിച്ച്, ആരെങ്കിലും പാപം ചെയ്താൽ, പാപയാഗം അർപ്പിക്കുന്നതിലൂടെ അവന്റെ പാപം ക്ഷമിക്കപ്പെടുമായിരുന്നു (ലേവ്യ. 4:27-31). എന്നാൽ, ഒരു മനുഷ്യന്റെ ശവശരീരം തൊടുന്നവൻ ശുദ്ധീകരണം പ്രാപിക്കുന്നതിന് ഏഴു ദിവസം കാത്തിരിക്കണമായിരുന്നു (സംഖ്യ. 19:11, 16). മരണത്തിന്റെ മലിനത പാപത്തിന്റേതിനെക്കാൾ ഗൗരവമുള്ളതാണെന്ന് ഇതു സൂചിപ്പിക്കുന്നു. ഇന്ന് ക്രിസ്ത്യാനികൾക്ക് മരണത്തെക്കുറിച്ചുള്ള ബോധം ഇല്ല. ഒരു ചൂതാട്ടസ്ഥലത്തിൽ ചൂതാടുവാൻ നിങ്ങൾ ലാസ് വേഗസിലേക്ക് പോകുന്നുവെങ്കിൽ, നിങ്ങൾ പാപം ചെയ്യുവെന്ന ബോധം നിങ്ങൾക്ക് ഉണ്ടാകും. എന്നാൽ നിർജീവമായ രീതിയിൽ നിങ്ങൾ ഒരു യോഗത്തിലേക്കു വന്നുവെങ്കിൽ, അതിന്റെ ഗൗരവത്തെക്കുറിച്ചുള്ള ബോധം നിങ്ങൾക്ക് ഉണ്ടാകണമെന്നില്ല. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ ഈ മരണാവസ്ഥ ലാസ് വേഗസിലെ ചൂതാട്ടസ്ഥലത്തിലുള്ള ചൂതാട്ടത്തെക്കാൾ ഗൗരവമുള്ളതാണ്. ക്രിസ്ത്യാനികൾ പാപത്തെ കുറ്റംവിധിക്കുന്നുവെങ്കിലും, അവർ മരണാവസ്ഥയെ കുറ്റംവിധിക്കുന്നില്ല. യോഗങ്ങളിൽ ജനം ശവങ്ങളെപ്പോലെ ഇരിക്കുകയും അതിൽ യാതൊരു തെറ്റും അവർ കാണാതിരിക്കുകയും ചെയ്യുന്നു. മരിച്ച യാതൊന്നിന്റെയും അടുക്കലായിരിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. ഒരു ദിവസം എന്റെ അമ്മ മരിച്ചു. ഞങ്ങൾ എല്ലാവരും അവളെ സ്നേഹിച്ചുവെങ്കിലും, രാത്രി മുഴുവനും അവളുടെ ശവശരീരത്തിന്റെ അടുത്തിരിക്കുവാൻ ഞങ്ങളിലാരും ധൈര്യപ്പെട്ടില്ല. നിങ്ങളുടെ പ്രിയ ഭാര്യ നിങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യുന്നസമയം അവളെത്തന്നെ അഴുക്കാക്കുന്നുവെങ്കിൽ, മുമ്പിലത്തെക്കാളധികം നിങ്ങൾ അവളെ സ്നേഹിക്കും. എന്നാൽ അവൾ മരിച്ചുപോകുന്നുവെങ്കിൽ, അവളുടെ ശവശരീരത്തിന് അരികിലായിരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുകയില്ല. കർത്താവ് മരണത്തെ വെറുക്കുന്നു. എന്നാൽ, നവീകരിക്കപ്പെട്ട സഭകളിലുള്ള മിക്കവാറും ക്രിസ്ത്യാനികൾക്ക് മരണത്തെക്കുറിച്ച് ഈ ധാരണ ഇല്ല. "സംഘടനാപരമായ സഭകൾക്കെന്താണു തെറ്റ്?" എന്ന് അവർ പറയുമായിരിക്കാം. അവ തെറ്റാണെന്നു മാത്രമല്ല — അവ മരണംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഒരു

മോർച്ചറിയിലെ ശവങ്ങൾക്ക് യാതൊരു തെറ്റും ഇല്ലായിരിക്കാം, അവ മരണംകൊണ്ടു നിറഞ്ഞിരിക്കുകയാണ്. മരണമാണ് ഏറ്റവും വലിയ പ്രശ്നം. അതെത്ര വിരൂപമാണ്! അത് ദൈവത്തിന് ദുർഗന്ധമാണ്, അവന് അതു സഹിക്കുവാൻ കഴിയില്ല.

സ്ഥലം സഭകളിലുള്ള നാം എല്ലാവരും മരണത്തെ വെറുക്കണം. സഭകളിലുള്ള ജനം മരിച്ചവരായി കാണുന്നതിനെക്കാൾ അവർ തെറ്റുകാരായി കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. യോഗങ്ങളിൽ സഹോദരീ സഹോദരന്മാർ എന്തുകൊണ്ട് പ്രവർത്തിക്കുന്നില്ല എന്ന് ഞാൻ നിരവധി തവണ അവരോട് ചോദിച്ചിട്ടുണ്ട്. മിക്കപ്പോഴും അവരുടെ ഉത്തരം "തെറ്റുവരുത്തുവാൻ ഞാൻ ഭയപ്പെടുന്നു" എന്നായിരുന്നു. ഇതിന് ഞാൻ ഉത്തരം പറഞ്ഞത്, "നിങ്ങൾ എത്രയധികം തെറ്റുവരുത്തുന്നുവോ അത്രയും നല്ലത്. ജീവനുള്ള കുഞ്ഞുങ്ങൾ തെറ്റുവരുത്തുന്നു. എന്നാൽ സെമിത്തേരികളിലുള്ള മരിച്ച കുഞ്ഞുങ്ങൾ യാതൊരു തെറ്റും വരുത്തുന്നില്ല" എന്നായിരുന്നു. യാതൊന്നും ചെയ്യാതെ നിങ്ങൾ വെറുതെ യോഗങ്ങളിൽ ഇരിക്കുന്നുവെങ്കിൽ, നിങ്ങൾ ഒരിക്കലും തെറ്റുകാരാകുകയില്ല. നിങ്ങൾ ശരിയുള്ളവരായിരിക്കാമെങ്കിലും, നിങ്ങൾ മരിച്ച ശരിയുള്ളവരായിരിക്കും. ഞാൻ മരിച്ച ശരിയുള്ളവനായിരിക്കുന്നതിനെക്കാൾ ജീവനുള്ള തെറ്റുകാരനായിരിക്കുവാൻ ഇഷ്ടപ്പെടുന്നു. ഞാൻ തെറ്റുകൾ വരുത്തിയേക്കാം, എന്നാൽ ഞാൻ എത്ര ജീവനുള്ളവനാണെന്ന് എല്ലാവരും അറിയും. നിങ്ങളുടെ മുൻഗണന ഏതിനാണ് — മരിച്ച ശരിയുള്ളവനായിരിക്കുവനോ, അതോ, ജീവനുള്ള തെറ്റുകാരനായിരിക്കുവാനോ?

## B. വെള്ള ധരിച്ചുംകൊണ്ട് കർത്താവിനോടുകൂടെ നടക്കുന്നു

"അവർ യോഗ്യന്മാരായതിനാൽ വെള്ള ധരിച്ച് എന്നോടുകൂടെ നടക്കും" എന്ന് തങ്ങളുടെ വസ്ത്രം മലിനമാകാത്ത ഇവരെക്കുറിച്ച് സംസാരിച്ചുകൊണ്ട് കർത്താവു പറയുന്നു (വാ. 5). വെളുപ്പ് നിർമലതയെ മാത്രമല്ല, അംഗീകാര്യതയെയും സൂചിപ്പിക്കുന്നു. ഇവിടെ വെള്ള വസ്ത്രം മരണത്താൽ കളങ്കപ്പെടാത്ത നടപ്പിനെയും ജീവിതത്തെയും സൂചിപ്പിക്കുന്നു; അത് കർത്താവിനാൽ അംഗീകരിക്കപ്പെടും. ഇത്, വിശേഷാൽ വരാനിരിക്കുന്ന രാജ്യത്തിൽ, കർത്താവിനോടുകൂടെ നടക്കുവാനുള്ള ഒരു യോഗ്യതയാണ്.

## VI. ജയാളിക്കുള്ള വാഗ്ദത്തം

വെളിപ്പാട് 2-ഉം 3-ഉം അധ്യായങ്ങളിലെ സന്ദർഭം നിങ്ങൾ വായിക്കുമെങ്കിൽ, ഈ ഏഴു ലേഖനങ്ങളിൽ ഓരോ തവണയും കർത്താവ് വാഗ്ദത്തം നല്കുന്നത്, കൃത്യമായി പറഞ്ഞാൽ അത് വരുവാനുള്ള രാജ്യത്തെ പരാമർശിക്കുന്നുവെന്ന് നിങ്ങൾ കാണും.

അത് ഒരിക്കലും നിത്യതയെ, നമ്മുടെ നിത്യമായ ദൈവകല്പിതത്തെ പരാമർശിക്കുന്നില്ല. മറിച്ച്, അത് വരുവാനുള്ള രാജ്യത്തിലുള്ള നമ്മുടെ ഭാവിയെക്കുറിച്ച് പരാമർശിക്കുന്നു. ഇതാണ് ഈ ഏഴു ലേഖനങ്ങളിലുമുള്ള എല്ലാ വാഗ്ദത്തങ്ങളെയും ഗ്രഹിക്കുന്നതിലുള്ള അടിസ്ഥാനപരവും ഭരിക്കുന്നതുമായ തത്ത്വം. വാക്യം 4-ൽ തങ്ങളുടെ വസ്ത്രം മലിനമാക്കാത്തവരായ ജീവനുള്ളവർ വെള്ള ധരിച്ചുംകൊണ്ട് തന്നോടുകൂടെ നടക്കുമെന്ന് കർത്താവു വാഗ്ദത്തം ചെയ്യുന്നു. ഇത് എപ്പോഴായിരിക്കും? ഇത് ആയിരം വർഷം നീളുന്ന ക്രിസ്തുവിന്റെ വിവാഹദിവസമായിരിക്കും. വെള്ള ധരിച്ചുംകൊണ്ട് കർത്താവിനോടുകൂടെ നടക്കുകയെന്നാൽ ഈ ആയിരം വർഷം അവനോടുകൂടെ നടക്കുക എന്നാണ്. തത്ത്വത്തിൽ, ഇന്ന് കർത്താവിനോടുകൂടെയുള്ള നമ്മുടെ നടപ്പിനോടും ഇതു ബാധകമാകണം.

വാക്യം 5-ൽ കർത്താവു പറയുന്നു, "ജയിക്കുന്നവനെ അപ്രകാരം വെള്ളവസ്ത്രം ധരിപ്പിക്കും, അവന്റെ പേർ ജീവപുസ്തകത്തിൽ നിന്ന് ഒരുവിധത്തിലും ഞാൻ മായിച്ചുകളയുകയില്ല, എന്റെ പിതാവിന്റെ മുമ്പാകെയും അവന്റെ ദൂതന്മാരുടെ മുമ്പാകെയും ഞാൻ അവന്റെ പേർ ഏറ്റുപറയും." ഇവിടെ ജയിക്കുകയെന്നാൽ പ്രൊട്ടസ്റ്റന്റ് സഭകളുടെ മരണാവസ്ഥയെ ജയിക്കുകയാണ്; അതായത്, ചത്ത പ്രൊട്ടസ്റ്റന്റുമതത്തെ ജയിക്കുക. വാക്യം 5 മുഴുവനും, ജയാളികൾക്കുള്ള കർത്താവിന്റെ വാഗ്ദത്തമാണ്. അവൻ മടങ്ങിവന്നതിനുശേഷം സഹസ്രാബ്ദരാജ്യത്തിൽ അതു നിറവേറും.

## A. വെള്ള വസ്ത്രം ധരിച്ചവരായി കർത്താവിനോടുകൂടെ നടക്കുന്നു

ഒന്നാമതായി, ജയാളിയെ "വെള്ളവസ്ത്രം ധരിപ്പിക്കും" എന്നു കർത്താവു വാഗ്ദത്തം ചെയ്യുന്നു. ഈ വാഗ്ദത്തത്തിൽ "വെള്ളവസ്ത്രം ധരിപ്പിക്കും" എന്നത് സഹസ്രാബ്ദരാജ്യത്തിൽ ജയാളികൾക്കുള്ള ഒരു സമ്മാനമായിരിക്കും. അവർ ഈ യുഗത്തിൽ എന്തിൽ നടക്കുകയായിരുന്നുവോ, അതായിരിക്കും വരുന്ന യുഗത്തിൽ അവർക്കുള്ള സമ്മാനം. ഓരോ ക്രിസ്ത്യാനിക്കും രണ്ട് വസ്ത്രങ്ങൾ ഉണ്ടായിരിക്കണം. ഒന്നാമത്തേത് വസ്തുനിഷ്ഠമായ നമ്മുടെ നീതിയെന്ന നിലയിലുള്ള ക്രിസ്തുവിനെ സൂചിപ്പിക്കുന്ന രക്ഷാവസ്ത്രമാണ്. ലൂക്കൊസ് 15-ൽ, ധൂർത്ത് പുത്രൻ വീട്ടിലേക്കു മടങ്ങിവന്നപ്പോൾ, അവനുവേണ്ടി ഒരുക്കിവച്ച മേൽത്തരം അങ്കി പിതാവിന്റെ പക്കൽ ഉണ്ടായിരുന്നു. ഒന്നാമതായി പിതാവു ചെയ്തത് അവന്റെമേൽ മേൽത്തരം അങ്കി ഇടുന്നതായിരുന്നു. ആ അങ്കി ധരിച്ചതിലൂടെ ധൂർത്ത് പുത്രൻ പിതാവിന്റെ സന്നിധിയിൽ നീതീകരിക്കപ്പെട്ടിരുന്നു. ഒരിക്കലും പിതാവിനോടുകൂടെയായിരിക്കുവാൻ

യോഗ്യതയില്ലാത്ത ശോചനീയനായ ഒരു യാചകനായിരുന്നു അവൻ. എന്നാൽ അവന്റെമേൽ അങ്കി ഉണ്ടായിരുന്നപ്പോൾ അവൻ നീതീകരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തു. അവൻ ക്രിസ്തുവിൽ നീതീകരിക്കപ്പെട്ടുവെന്നും, ക്രിസ്തു അവന്റെ നീതീകരിക്കുന്ന ആവരണമായിത്തീർന്നുവെന്നും ഇത് അർഥമാക്കുന്നു. തന്റെ നീതിയായ ക്രിസ്തുവിനാൽ അവൻ ആവരണം ചെയ്യപ്പെട്ടു. അങ്ങനെ, നീതീകരണത്തിന്റെ വസ്ത്രം രക്ഷയ്ക്കുവേണ്ടിയാണ്. എന്നാൽ ഇതിനു പുറമെ, നാം അംഗീകരിക്കപ്പെടുവാനും കർത്താവിന് സുപ്രസാദമായിരിക്കുവാനും നമുക്ക് മറ്റൊരു വസ്ത്രം ആവശ്യമാണ്. 19:8-ലെ "ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽവസ്ത്രം" ഈ രണ്ടാമത്തെ വസ്ത്രത്തെ കുറിക്കുന്നു. മുൻകുറിശാസ്ത്രം അനുസരിച്ച്, സങ്കീർത്തനം 45-ലെ രാജ്ഞിക്ക് രണ്ടു വസ്ത്രങ്ങളുണ്ട്, ഒന്നു രക്ഷയ്ക്കുവേണ്ടിയും മറ്റേത് അവന്റെ വാഴ്ചയിൽ അവൾ രാജാവിനോടുകൂടെ ആയിരിക്കുവാൻ വേണ്ടിയും ആണ്. നാം രക്ഷിക്കപ്പെട്ടതിനുശേഷം, പക്വതപ്രാപിക്കുകയും സകല തടസ്സങ്ങളെയും വ്യതിചലനങ്ങളെയും ജയിക്കുകയും വേണം. നാം ഓട്ടം ഓടുകയും ലക്ഷ്യത്തിൽ എത്തുകയും വേണം. നാം ഓട്ടം ഓടുമ്പോൾ, ലക്ഷ്യത്തിൽ എത്തുന്നതിൽനിന്നും നമ്മെ വ്യതിചലിപ്പിക്കുന്ന നിരവധി കാര്യങ്ങൾ ഉണ്ട്. ഈ തടസ്സങ്ങളെയെല്ലാം നാം ജയിക്കണം. അതെ, നാം രക്ഷിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയുള്ള ഒന്നാമത്തെ അങ്കി ഉള്ളവരും ആണ്. എന്നാൽ നാം പക്വതയിലേക്കു മുന്നോട്ടുപോകുകയും നമ്മുടെ ലക്ഷ്യസ്ഥാനത്തിൽ എത്തുകയും വേണം. നാം അങ്ങനെ ചെയ്യുന്നുവെങ്കിൽ, ഒരു പ്രതിഫലം പ്രാപിക്കും. ഇത് ക്രിസ്തു നമ്മുടെ വസ്തുനിഷ്ഠമായ നീതിയായിരിക്കുന്ന കാര്യമല്ല, പ്രത്യുത നമ്മുടെ അനുഭവനിഷ്ഠമായ നീതിയായി ക്രിസ്തുവിനെ അനുഭവിക്കുന്ന കാര്യമാണ്. നമ്മുടെ വസ്തുനിഷ്ഠമായ നീതിയെന്ന നിലയിൽ ക്രിസ്തുവിനെ നമ്മുടെമേൽ ധരിപ്പിച്ചിരിക്കുന്നു, എന്നാൽ നമ്മുടെ അനുഭവനിഷ്ഠമായ നീതിയെന്ന നിലയിൽ ക്രിസ്തു നമ്മിൽനിന്ന് പുറത്തേക്കു വരുന്നു. നമ്മുടെ രണ്ടാമത്തെ വസ്ത്രമായി ക്രിസ്തുവിനെ വെളിപ്പെടുത്തി നാം ജീവിക്കണം. ഈ വസ്ത്രം പ്രതിഫലത്തിനു വേണ്ടിയാണ്. വാക്യം 5-ൽ പറഞ്ഞിരിക്കുന്ന വെള്ളവസ്ത്രം ഈ രണ്ടാമത്തെ വസ്ത്രത്തെ പരാമർശിക്കുന്നു. നമുക്ക് ഈ രണ്ടാമത്തെ വസ്ത്രം ഉള്ളപ്പോൾ, നാം കർത്താവിനെ പ്രസാദിപ്പിക്കുന്നവരും പ്രതിഫലം പ്രാപിക്കുന്നവരും ആണ്.

## B. ജീവപുസ്തകത്തിൽനിന്നു പേര് മായിച്ചുകളയുകയില്ല

"അവന്റെ പേർ ജീവപുസ്തകത്തിൽ നിന്ന് ഒരുവിധത്തിലും ഞാൻ മായിച്ചുകളയുകയില്ല" എന്ന് ജയിക്കുന്നവന് കർത്താവു

വാഗ്ദത്തം ചെയ്യുന്നു. ഈ വാക്യത്തെ അതിൽത്തന്നെ നമുക്ക് മനസ്സിലാക്കുവാൻ കഴിയുകയില്ല. അങ്ങനെ ചെയ്യുന്നത് ആപൽക്കരമാണ്. ഇതുപോലെയുള്ള ഒരു വാക്യത്തെ മനസ്സിലാക്കുന്നതിന്, നമുക്ക് മുഴുവൻ വേദപുസ്തകത്തിന്റെയും സംരക്ഷണം ആവശ്യമാണ്. "ജീവപുസ്തകത്തിൽ നിന്ന് പേർ മായിച്ചുകളയുക" എന്നത് ജീവപുസ്തകത്തിൽ മുമ്പെ പേർ എഴുതിയിട്ടുണ്ടെന്ന് സൂചിപ്പിക്കുന്നു. ദൈവം ഒരുക്കിവച്ചിരിക്കുന്ന അനുഗ്രഹങ്ങളിൽ പങ്കാളികളാകുന്നവരുടെ പേരുകൾ എഴുതിയിട്ടുള്ള ഒരു ദിവ്യരേഖയാണ് "ജീവന്റെ പുസ്തകം." ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുകയും ഈ അനുഗ്രഹങ്ങളിൽ പങ്കെടുക്കുവാൻ മുൻനിയമിക്കപ്പെടുകയും ചെയ്തവരുടെ പേരുകൾ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നു (ലൂക്കൊ. 10:20). ഈ അനുഗ്രഹങ്ങൾ മൂന്നു ഘട്ടങ്ങളിലാണുള്ളത്: സഭയിലും, സഹസ്രാബ്ദരാജ്യത്തിലും, നിത്യതയിലും. പാപക്ഷമയും, വീണ്ടെടുപ്പും, വീണ്ടുംജനനവും, നിത്യജീവനും, ദിവ്യപ്രകൃതവും പോലെയുള്ള സഭയുടെ ഘട്ടത്തിലുള്ള അനുഗ്രഹങ്ങൾ ആരംഭ ഓഹരികളാണ്. ജീവപുസ്തകത്തിൽ പേരെഴുതിയിട്ടുള്ള ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും അവരുടെ ആത്മികജീവിതം തുടങ്ങുന്നതിന് ഈ ആരംഭാനുഗ്രഹങ്ങളിൽ ഒരു ഓഹരി ഉണ്ട്. അവർ ദൈവത്തിന്റെ സഹായംനല്കുന്ന കൃപയോട് സഹകരിക്കുന്നുവെങ്കിൽ, അവർ സഭായുഗത്തിൽ ജീവനിൽ പക്വത പ്രാപിക്കുകയും, ജീവനിലുള്ള ഈ നേരത്തെയുള്ള പക്വത അവന്റെ മടങ്ങിവരവിൽ കർത്താവ് അവർക്ക് പ്രതിഫലമായി നൽകുന്ന ഒരു സമ്മാനമായിത്തീരുകയും ചെയ്യും. ആ സമ്മാനം സഹസ്രാബ്ദരാജ്യത്തിലേക്കുള്ള പ്രവേശനവും, ആനന്ദവും, കർത്താവിന്റെ സ്വസ്ഥതയും (മത്താ. 25:21, 23; എബ്രാ. 4:9-11), ജാതികളുടെമേലുള്ള ഭരണവും (വെളി. 2:26-27; 20:4, 6) പോലുള്ള ആ ഘട്ടത്തിലെ ദിവ്യാനുഗ്രഹങ്ങളിൽ പങ്കെടുക്കുന്നതും ആയിരിക്കും; അത് സഭായുഗത്തിൽ തന്നോടൊപ്പം മുന്നോട്ടുപോകുന്നതിന് തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി ദൈവം ഒരുക്കിയിട്ടുള്ള ഒരു പ്രോത്സാഹനമാണ്. എങ്കിലും, അവന്റെ തിരഞ്ഞെടുക്കപ്പെട്ടവരിൽ അനേകരും, അവന്റെ പാപക്ഷമ, വീണ്ടെടുപ്പ്, നിത്യജീവൻ, ദിവ്യപ്രകൃതം എന്നിവ പ്രാപിച്ചതിനുശേഷം, അവന്റെ കൃപയോടു സഹകരിച്ച് അവനുമായി ചേർന്ന് മുമ്പോട്ടുപോകുകയില്ല. തന്മൂലം, സഭാജീവിതത്തിൽ ജീവനിൽ പക്വതപ്രാപിക്കുവാൻ അവർക്ക് കഴിയാതിരിക്കുകയും, അങ്ങനെ അവന്റെ മടങ്ങിവരവിൽ സഹസ്രാബ്ദരാജ്യത്തിലേക്ക് പ്രവേശിക്കുവാനും ഒരു സമ്മാനമായി ആ യുഗത്തിലെ ദിവ്യാനുഗ്രഹങ്ങളിൽ പങ്കെടുക്കുവാൻ അവർ ഒരുക്കമില്ലാത്തവരായിരിക്കുകയും ചെയ്യും. അതുകൊണ്ട്, സഹസ്രാബ്ദരാജ്യത്തിന്റെ കാലത്ത് അവരുടെ പേരുകൾ

ജീവന്റെ പുസ്തകത്തിൽനിന്ന് മായിച്ചുകളയും. കർത്താവിനാൽ ശിക്ഷണംപ്രാപിക്കുകയും സഹസ്രാബ്ദരാജ്യത്തിന്റെ കാലത്ത് ജീവനിൽ പക്വതയിലേക്കു വളരുകയും ചെയ്തശേഷം, അവർ ദൈവത്തിന്റെ നിത്യസാന്നിധ്യത്തോടുകൂടെയുള്ള നിത്യസേവനം, നിത്യരാജത്വം (22:3-5), പുതിയ യെരൂശലേം, ജീവവൃക്ഷം (22:14), ജീവജലം (22:17) മുതലായ നിത്യതയുടെ ഘട്ടത്തിലുള്ള ദിവ്യാനുഗ്രഹങ്ങളിൽ ഓഹരിക്കാരാകും. അപ്പോൾ അവരുടെ പേരുകൾ വീണ്ടും ജീവപുസ്തകത്തിൽ എഴുതും. ഇത് അർഥമാക്കുന്നത് ജീവപുസ്തകത്തിൽ തങ്ങളുടെ പേരെഴുതപ്പെട്ടവരും സഭയുടെ ഘട്ടത്തിൽ ദിവ്യാനുഗ്രഹങ്ങളുടെ പങ്കാളിത്തത്തിലേക്ക് കൊണ്ടുവരപ്പെട്ടവരുമായ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം "ഒരുവിധത്തിലും നശിച്ചുപോകില്ല" (യോഹ. 10:28), അതായത്, നിത്യതയിലെ ദിവ്യാനുഗ്രഹങ്ങൾ അവർക്ക് ഒരുവിധത്തിലും നഷ്ടപ്പെടുകയില്ല എന്നാണ്. എന്നാൽ സഭാജീവിതത്തിൽ കർത്താവുമായി സഹകരിക്കാത്ത ചിലർ സഹസ്രാബ്ദരാജ്യത്തിൽ കർത്താവിനാൽ യുഗപരമായി ശിക്ഷണംപ്രാപിക്കുകയും ആ ഘട്ടത്തിലുള്ള ദിവ്യാനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്യും.

ആയിരം വർഷക്കാലം ജീവപുസ്തകത്തിൽനിന്നും നമ്മുടെ പേരുകൾ മായിക്കപ്പെടുമെന്ന ഭീതി നാം അഭിമുഖീകരിക്കുന്നു. നിങ്ങൾ പരാജിതനാകുകയും കർത്താവിന്റെ കൃപയാൽ ഒരു ജയാളിയാകുന്നത് നിരസിക്കുകയും ചെയ്യുന്നുവെങ്കിൽ, അവൻ ആയിരം വർഷം വാഴുമ്പോൾ നിങ്ങളുടെ പേര് ജീവപുസ്തകത്തിൽ ഉണ്ടായിരിക്കുകയില്ല. നിങ്ങൾ വിളിക്കപ്പെട്ടവനാണ്, എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവനല്ല എന്ന് ഇതു സൂചിപ്പിക്കുന്നു. അവന്റെ മടങ്ങിവരവിൽ, സകല വിശുദ്ധന്മാരും എടുക്കപ്പെട്ടതിനുശേഷം, കർത്താവ് ഒരു തിരഞ്ഞെടുപ്പു നടത്തുമെന്ന് 17:14-ൽ നമുക്ക് കാണുവാൻ കഴിയുന്നു. ഈ തിരഞ്ഞെടുപ്പ് നമ്മുടെ ക്രിസ്തീയജീവിതം നാം എങ്ങനെ നയിച്ചുവെന്നതിനെ ആശ്രയിച്ചിരിക്കുന്നു. നാം ഒരു പരാജയപ്പെട്ട രീതിയിലാണ് ജീവിച്ചതെങ്കിൽ, തീർച്ചയായും കർത്താവു നമ്മെ തിരഞ്ഞെടുക്കയില്ല. എന്നാൽ നാം ജയിക്കുന്ന രീതിയിൽ ജീവിച്ചുവെങ്കിൽ നാം തിരഞ്ഞെടുക്കപ്പെടുകയും, നമ്മുടെ പേരുകൾ ആയിരം വർഷം അവിടെ ഉണ്ടായിരിക്കുകയും ചെയ്യും. ഇത് സ്കൂളിൽനിന്നും ബിരുദം നേടുന്നതു പോലെയാണ്. എല്ലാ വിദ്യാർഥികളുടെയും പേരുകൾ ക്ലാസ്സിലെ ലിസ്റ്റിൽ ഉണ്ടായിരിക്കുമെങ്കിലും, പ്രതിഫലം സ്വീകരിക്കുവാൻ കുറച്ചു പേരുകൾ മാത്രമേ ലിസ്റ്റിൽ ഉണ്ടായിരിക്കുകയുള്ളൂ. ജീവപുസ്തകത്തിൽനിന്നും ഒരു വിശ്വാസിയുടെ പേര് മായിച്ചുകളയുകയെന്നാൽ നിത്യതയിൽ അവൻ നശിക്കും എന്നർഥമില്ല. ഇത് അർഥമാക്കുന്നത് വരുവാൻ പോകുന്ന രാജ്യത്തിന്റെ ആയിരംവർഷക്കാലം അവന്റെ പേർ അവിടെ

ഉണ്ടായിരിക്കുകയില്ല എന്നു മാത്രമാണ്. ഇതിന്റെ അർഥം, ദൈവം തന്റെ എല്ലാ തിരഞ്ഞെടുക്കപ്പെട്ടവർക്കും ആരംഭത്തിൽ നല്കുവാൻ ഉദ്ദേശിച്ചതിൽ പങ്കുകൊള്ളുവാൻ അവന് അവകാശമുണ്ടായിരിക്കാതെ, സഹസ്രാബ്ദരാജ്യത്തിൽ തന്റെ ജന്മാവകാശം അവന് നഷ്ടമാകും എന്നാണ്.

തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം വരുവാൻപോകുന്ന യുഗത്തിലും ക്രിസ്തുവിനെ ആസ്വദിക്കുവാൻ അവകാശമുള്ളവരാകേണ്ടതിന് ഇന്ന് ക്രിസ്തുവിനെ അങ്ങേയറ്റം ആസ്വദിക്കണമെന്നതാണ് ദൈവത്തിന്റെ ആരംഭ ഉദ്ദേശ്യം. അതു ചെയ്യുവാൻ ഇന്ന് അനേകരും മനസ്സില്ലാത്തവരായതിനാൽ, രാജ്യം വരുമ്പോൾ, അവർക്ക് തങ്ങളുടെ ജന്മാവകാശം നഷ്ടമാകും. ദൈവത്തിന്റെ ആരംഭ ഉദ്ദേശ്യത്തോട് സഹകരിക്കുന്നവർ മാത്രമേ അവരുടെ സവിശേഷ പങ്കായി ക്രിസ്തുവിനെ ആസ്വദിച്ചുകൊണ്ട് രാജ്യത്തിൽ ഉണ്ടായിരിക്കുകയുള്ളൂ. അവരുടെ പേരുകൾ ആ സമയം ജീവപുസ്തകത്തിൽ ഉണ്ടായിരിക്കും, എന്നാൽ മറ്റ് അനേകരുടെ പേരുകൾ അവിടെ ഉണ്ടായിരിക്കുകയില്ല. അനേകം ക്രിസ്ത്യാനികളും ഈ ദർശനം കണ്ടിട്ടില്ലാത്തതുകൊണ്ട്, ഈ വിഷയത്തെ സംബന്ധിച്ച വാക്യങ്ങൾ മനസ്സിലാക്കുവാൻ അവർക്ക് കഴിയുന്നില്ല.

നമ്മുടെ ആസ്വാദനത്തിനുവേണ്ടി ക്രിസ്തുവിനെ നമ്മിലേക്കു പണിതുചേർക്കുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം. ഇതു നിർവഹിക്കപ്പെടുവാനുള്ള സമയം സഭായുഗമാണ്. ഈ വിഷയത്തിൽ ദൈവവുമായി സഹകരിക്കുവാൻ നമുക്ക് മനസ്സുണ്ടോ ഇല്ലയോ എന്നത് നമ്മെ ആശ്രയിച്ചിരിക്കുന്നു. അനേകരും ദൈവത്തോടു സഹകരിക്കുകയില്ല എന്നതുകൊണ്ട്, ക്രിസ്തുവിനെ ആസ്വാദിക്കുന്നത് വരുവാൻപോകുന്ന രാജ്യയുഗത്തിൽ ഒരു പ്രതിഫലമാക്കുവാൻ ദൈവം തന്റെ ജ്ഞാനത്തിൽ നിശ്ചയിച്ചിരിക്കുന്നു. ദൈവത്തോടു സഹകരിക്കുന്നതിനും ഇന്ന് ക്രിസ്തുവിനെ ആസ്വദിക്കുന്നതിനും നമ്മെ ഉത്സാഹിപ്പിച്ചുകൊണ്ടുള്ള ഒരു പ്രോത്സാഹനമാണ് ഈ പ്രതിഫലം. നാം സഹകരിക്കുന്നില്ലെങ്കിൽ, രാജ്യയുഗം നഷ്ടമാക്കും. ക്രിസ്തുവിന്റെ ആസ്വാദനത്തിൽ പങ്കുള്ള എല്ലാ പേരുകളുടെയും ഒരു രേഖയാണ് ജീവപുസ്തകം. സഭായുഗകാലത്ത് നമ്മുടെ എല്ലാവരുടെയും പേരുകൾ അവിടെയുണ്ട്. എന്നാൽ രാജ്യയുഗത്തിൽ, അലസരായവരുടെ പേരുകൾ ജീവപുസ്തകത്തിൽ നിന്നു മായിച്ചുകളയും. സഹസ്രാബ്ദരാജ്യത്തിനുശേഷം, അവരുടെ പേരുകൾ പിന്നീട് ജീവപുസ്തകത്തിലേക്ക് തിരികെ കൊണ്ടുവരും. ദൈവത്തിന്റെ രക്ഷയിലുള്ള അവന്റെ അനുഗ്രഹങ്ങൾ മൂന്ന് ഘട്ടങ്ങളിലാണെന്നു കാണുന്നത് നല്ലതാണ്: സഭായുഗത്തിലും, രാജ്യയുഗത്തിലും, നിത്യതയുടെ യുഗത്തിലും. നാം രാജ്യത്തിൽ

ക്രിസ്തുവിന്റെ പൂർണ്ണാസ്വാദനത്തിലായിരിക്കുമോ ഇല്ലയോ എന്നത് ഇന്നു നാം സഭാജീവിതത്തിൽ ക്രിസ്തുവിനെ ആസ്വദിക്കുവാൻ മനസ്സുള്ളവരാണോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. അവസരത്തെ ഇന്ന് പാഴാക്കാതിരിക്കുക. നാം ഇന്ന് ക്രിസ്തുവിനെ ആസ്വദിക്കുന്നുവെങ്കിൽ, വരുന്ന രാജ്യത്തിൽ നമുക്ക് പ്രതിഫലം കിട്ടും. വരുന്ന രാജ്യത്തിൽ ക്രിസ്തുവിന്റെ സവിശേഷ ആസ്വാദനം നഷ്ടപ്പെടുത്തുന്നവർ ക്രിസ്തുവിന്റെ പൂർണ്ണാസ്വാദനത്തിലേക്ക് കൊണ്ടുവരപ്പെടുന്നതിന് ദൈവത്താലുള്ള ഇടപെടൽ പ്രാപിക്കും. അതുകൊണ്ട്, ഒടുവിൽ, സഭായുഗവും രാജ്യയുഗവും എന്ന ഈ രണ്ട് യുഗങ്ങളിലൂടെ നാം എല്ലാവരും കടന്നുപോയിക്കഴിയുമ്പോൾ, നാം എല്ലാവരും ക്രിസ്തുവിന്റെ ആസ്വാദനത്തിൽ വിളഞ്ഞവരായിരിക്കുകയും നിത്യതയുടെ യുഗത്തിലേക്ക് പ്രവേശിക്കുകയും ചെയ്യും.

### C. പിതാവിന്റെയും ദൂതന്മാരുടെയും മുമ്പിൽ കർത്താവിനാൽ ഏറ്റുപറയപ്പെടുന്ന പേര്

നാം ജയാളികളാണെങ്കിൽ, ജീവപുസ്തകത്തിൽനിന്നും കർത്താവു നമ്മുടെ പേരുകൾ മായിച്ചുകളയുകയില്ല; മറിച്ച്, അവൻ നമ്മുടെ പേരുകൾ പിതാവിന്റെയും അവന്റെ ദൂതന്മാരുടെയും മുമ്പിൽ ഏറ്റുപറയും. ജയാളികളായിരിക്കുവാൻ മനസ്സില്ലാത്ത വിശ്വാസികളുടെ പേരുകൾ ജീവപുസ്തകത്തിൽനിന്നും മായിച്ചുകളയുമെന്നതിനാൽ അവരുടെ പേരുകൾ പിതാവിന്റെയും അവന്റെ ദൂതന്മാരുടെയും മുമ്പിൽ കർത്താവ് ഏറ്റുപറയുകയില്ല എന്ന് ഇതു സൂചിപ്പിക്കുന്നു.

## VII. ആത്മാവിന്റെ സംസാരം

ചത്ത നവീകരിക്കപ്പെട്ട സഭയ്ക്ക് ആത്മാവിന്റെ സംസാരം ആവശ്യമാണ്. ചത്ത അക്ഷരങ്ങളുടെ അറിവിന് ഒരിക്കലും തീവ്രവൽക്കരിക്കപ്പെട്ട ആത്മാവിന്റെ സംസാരത്തെ പകരംവയ്ക്കുവാൻ കഴിയുകയില്ല. അക്ഷരം കൊല്ലുന്നു (2 കൊരി. 3:6). ജീവൻ നല്കുന്നത് ആത്മാവാണ് (യോഹ. 6:63). ചത്ത പ്രൊട്ടസ്റ്റന്റ് മതത്തിലുള്ള എല്ലാവരും ആത്മാവിന്റെ സംസാരം കേൾക്കണം.